ഹദീസ്

കെ.സി ജലീൽ പുളിക്കൽ

# മൂന്ന് ദുർഗുണങ്ങൾ

عَنْ أَبِي هُرَيْرَةَ رضى الله عنه قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم: ثَلاَثَةٌ لاَ يَنْظُرُ اللَّهُ إِلَيْهِمْ يَوْمَ الْقِيَامَةِ، وَلاَ يُزَكِّيهِمْ، وَلَهُمْ عَذَابٌ أَلِيمٌ. رَجُلٌ كَانَ لَهُ فَضْلُ مَاءٍ بِالطَّرِيقِ، فَمَنَعَهُ مِنَ ابْنِ السَّبِيلِ، وَرَجُلٌ بَايَعَ إِمَامًا لاَ يُبَايِعُهُ إِلاَّ لِدُنْيَا، فَإِنْ أَعْطَاهُ مِنْهَا رَضِيَ، وَإِنْ لَمْ يُعْطِهِ مِنْهَا سَخِطَ، وَرَجُلٌ بَايَعَ رَجلًا سِلْعَةً بَعْدَ الْعَصْرِ، فَحَلَفَ بِاللَّهِ لَأَخَذها بِكَذَا وَكَذَا، فَصَدَّقَهُ وَهُو عَلى غَير ذَلك

**അബൂഹുറൈറ(റ)യിൽനിന്ന്. നബി(സ) പറഞ്ഞു: 'മൂന്നാളുകളെ അല്ലാഹു അന്ത്യനാളിൽ നോക്കുകയോ സംസ്കരിച്ചെടുക്കുകയോ ഇല്ല. ഏറെ വേദനിക്കുന്ന ശിക്ഷയാണ് അവർക്കുണ്ടാവുക. മൂന്നാളുകൾ ഇവരാണ്: വഴിയോരത്തുള്ള തന്റെ മിച്ചജലം യാത്രക്കാർക്ക് നൽകാതെ തടഞ്ഞുവെക്കുന്നവൻ, തന്റെ ഭൗതിക നേട്ടത്തിന് ഭരണാധികാരിയെ ബൈഅത്ത് ചെയ്യുന്നവൻ, അത് കിട്ടിയാൽ അവൻ സംതൃപ്തനായി. ഇല്ലെങ്കിൽ കോപിഷ്ഠനാവും. പൂർവാഹ്നത്തിൽ മറ്റൊരാളുമായി കച്ചവടമുറപ്പിക്കുന്നവനാണ് മൂന്നാമത്തെയാൾ. ഇത്ര വിലയ്ക്ക് വാങ്ങിയതാണെന്ന് സത്യം ചെയ്ത് പറയുമ്പോൾ വാങ്ങുന്നവൻ അയാൾ പറയുന്നത് വിശ്വസിക്കുന്നു. അപ്പറഞ്ഞത് ശരിയായിരുന്നില്ല' (ബുഖാരി, മുസ്‌ലിം).**

തെല്ലെങ്കിലും വിശ്വാസമുള്ള ആരെയും സ്തബ്ധരാക്കുന്ന പ്രവാചകവചനമാണിത്. അല്ലാഹുവിന്റെ കരുണാകടാക്ഷം ലഭിച്ചില്ലെങ്കിൽ ശാശ്വത നഷ്ടത്തിലകപ്പെടുകയല്ലാതെ, മറ്റൊരു അഭയകേന്ദ്രത്തെ സംബന്ധിച്ചും ചിന്തിക്കാൻ പോലും സാധിക്കാത്ത അന്ത്യനാളിൽ അല്ലാഹു നോക്കുകയോ സംസ്കരിച്ചെടുക്കുകയോ ഇല്ലെന്നു വന്നാൽ അതിലപ്പുറം എന്ത് ദുരന്തമാണുള്ളത്! ഏറെ വേദനിക്കുന്ന ശിക്ഷ കൂടി തുടർന്നുവന്നാലോ!

ഈ വൻദുരന്തത്തിനിരയാകുന്ന ഒന്നാമത്തെ ഭാഗ്യഹീനൻ ദാഹിച്ച് വലയുന്നവർക്ക് ദാഹജലം തടയുന്ന സാമൂഹികവിരുദ്ധനായ ക്രൂരനാണ്. ദാഹജലം തടയാൻ ഇവനെന്തധികാരം? ഈ ജലത്തിന്റെ ഉടമസ്ഥൻ ഇവനാണോ? വെള്ളമെന്ന അത്ഭുത പ്രതിഭാസത്തിന്റെ സംവിധായകനാര്? വെള്ളത്തെ മഹാസാഗരമാക്കി കേടുവരാതെ ഉപ്പിലിട്ടു വെച്ചതാര്? അതിനെ ശുദ്ധജലമാക്കി നീരാവിയാക്കി കരയിലെത്തിച്ച് നിശ്ചിത അളവിൽ വിതരണം ചെയ്യാൻ സംവിധാനമൊരുക്കിയതാര്? ശുദ്ധജലത്തെ മണ്ണിലിറക്കി നിശ്ചിത ആഴത്തിൽ താങ്ങിനിർത്തി കിണറുകളിലൂടെയും ജലാശയങ്ങളിലൂടെയും ഉപയോഗപ്പെടുത്താനാകുംവിധം ഏർപ്പാട് ചെയ്തതാര്? എല്ലാം സർവശക്തനായ, ഏകനായ അല്ലാഹു മാത്രം. മണ്ണിനടിയിലെ ജലസംഭരണ ഘടന, വ്യക്തികൾക്കോ കുത്തകക്കാർക്കോ അധീനപ്പെടുത്താൻ പാടില്ലാത്ത, സമൂഹത്തിന് പൊതുവായി ഉപയോഗിക്കേണ്ട വിധത്തിലാണ് സ്രഷ്ടാവ് നിശ്ചയിച്ചിട്ടുള്ളത്. ഈ ദാഹജലം തന്റെ അത്യാവശ്യം കഴിച്ച് മിച്ചമുണ്ടായിട്ടു പോലും ദാഹിച്ച് വലയുന്നവർക്ക് നൽകാതെ തടഞ്ഞുവെക്കുന്നവൻ എത്ര വലിയ സാമൂഹികവിരുദ്ധനാണ്! മനുഷ്യത്വം തൊട്ടുതീണ്ടിയിട്ടില്ലാത്ത ഈ ക്രൂരന്റെ ഹൃദയം എത്ര മലീമസം! മനുഷ്യനെ തന്റെ കുടുംബമായി കാണുന്ന, പരമദയാലുവും കരുണാമയനുമായ അല്ലാഹു ഈ സാമൂഹികദ്രോഹിയായ മനുഷ്യനെ എങ്ങനെ ശപിക്കാതിരിക്കും!

ഇതുപോലെത്തന്നെ സ്വാർഥിയും കഠിനഹൃദയനും മനസ്സാക്ഷി നഷ്ടപ്പെടുത്തിയവനുമാണ് നബിവചനത്തിൽ പ്രതിപാദിച്ച രണ്ടാമത്തെ വ്യക്തി. ഭരണകൂടത്തെ തെരഞ്ഞെടുക്കാൻ തനിക്ക് ലഭിച്ച വിലപ്പെട്ട അവസരം, തന്റെ സ്വാർഥലാഭത്തിന് മാത്രം ഉപയോഗപ്പെടുത്തുന്നവൻ. സമൂഹത്തെ ഒന്നടങ്കം ദുരിതത്തിലേക്കു നയിക്കുന്ന അക്രമിയുടെ കൈയിൽ ഭരണമേൽപിച്ച് സായൂജ്യമടയുന്നവൻ. അവനെത്ര കടുത്ത വഞ്ചകനും അക്രമിയുമാണ്! ഇനി, തന്റെ സഹായത്തോടെ ഭരണത്തിലേറിയ ആ വ്യക്തി, തന്റെ സ്വാർഥതക്കും അഴിമതിക്കും കൂട്ടുനിൽക്കാതെ, സമൂഹ പ്രതിബദ്ധതയുള്ള നിസ്വാർഥിയും നീതിമാനുമായ ഭരണാധികാരിയായി മാറിയാൽ അയാൾക്കെതിരെ കലാപക്കൊടി ഉയർത്താനും ഈ സ്വാർഥൻ മുൻപന്തിയിലുണ്ടാവും. അക്കാര്യമാണ് നബിവചനം തുടർന്ന് സൂചിപ്പിക്കുന്നത്. ഒരു പൗരനെന്ന നിലക്ക് തനിക്ക് ലഭിക്കുന്ന അമൂല്യമായ അമാനത്താണ് ഭരണാധികാരിയെ ബൈഅത്ത് ചെയ്യാൻ, തെരഞ്ഞെടുക്കാൻ ലഭിക്കുന്ന അധികാരം. അത് സമൂഹത്തിന്റെ രക്ഷക്കും സ്വാതന്ത്ര്യത്തിനും ഉപയോഗപ്പെടുത്തേണ്ടത് ഏറെ സുപ്രധാനവുമാണ്.

വിശ്വാസികൾക്ക് ഈ സമരമുഖത്തുനിന്ന് മാറിനിൽക്കാനാകില്ലെന്നും ഖുർആൻ അടിക്കടി ഉണർത്തുന്നു. "പീഡിതരും അടിച്ചമർത്തപ്പെട്ടവരുമായ സ്ത്രീപുരുഷന്മാർക്കും കുട്ടികൾക്കും വേണ്ടി നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യാതിരിക്കുന്നതിനെന്ത് ന്യായം? ആ ജനമാകട്ടെ പ്രാർഥിച്ചുകൊണ്ടിരിക്കുകയാണ്; മർദകരായ ഈ നാട്ടിന്റെ ആൾക്കാരിൽനിന്ന് ഞങ്ങളെ മോചിപ്പിക്കേണമേ നാഥാ. നിന്റെ പക്കൽനിന്ന് ഞങ്ങൾക്കൊരു രക്ഷകനെ നിശ്ചയിച്ചുതരേണമേ. നീ ഞങ്ങൾക്ക് ഒരു സഹായിയെയും നിശ്ചയിച്ചുതരേണമേ" (*അന്നിസാഅ്* 75). ഇത്തരം മർദകരെ തെരഞ്ഞെടുക്കാതെ മാറ്റിനിർത്താൻ അവസരം ലഭിച്ചിട്ടും തന്റെ കൈവശമുള്ള വിലപ്പെട്ട അമാനത്ത് അതിന് ഉപയോഗിക്കാതെ, തന്റെ സ്വാർഥത്തിന് ഉപയോഗപ്പെടുത്തുന്നവൻ സ്വാർഥിയും വഞ്ചകനും നിരാലംബരുടെ ശത്രുവും അതിനാൽതന്നെ കരുണാമയനായ അല്ലാഹുവിന്റെ കോപത്തിന് പാത്രീഭൂതനുമാണ്.

അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്ത് ജനങ്ങളെ വഞ്ചിച്ച് അമിത വിലയ്ക്ക് സാധനങ്ങൾ വിൽക്കുന്ന സാമൂഹികദ്രോഹിയാണ് നബിവചനത്തിൽ പരാമർശിച്ച മൂന്നാമത്തെയാൾ.

അടിച്ചമർത്തപ്പെട്ട, നിരാലംബരും പീഡിതരുമായ മനുഷ്യരുടെ മോചനത്തിനും ക്ഷേമൈശ്വര്യങ്ങൾക്കും വേണ്ടി സമരം ചെയ്യാൻ വിശ്വാസി ബാധ്യസ്ഥനാണെന്നും ദയയും കാരുണ്യവും പരക്ഷേമ തൽപരതയുമില്ലാത്തവൻ ശപിക്കപ്പെട്ട, എല്ലാം നഷ്ടപ്പെട്ട പരാജിതനാണെന്നുമാണ് ഈ തിരുവചനം നൽകുന്ന സന്ദേശം.